**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കാസർഗോഡ് ജില്ലാ പഞ്ചായത്ത് - കേരളോത്സവം 2017 ന് അധികമായി ചെലവായ തുക ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 550/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 07/03/2019

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2160/2017/തസ്വഭവ തീയതി 28/06/2017.

2. കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06/04/2018 ലെ E1-2354/17 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 21/08/2018 ലെ ജി1-17279/18 നമ്പർ കത്ത്.

**ഉത്തരവ്**

2017 ലെ കേരളോത്സവത്തിന്റെ സംഘാടനത്തിനായി ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ പരമാവധി 2,20,000/- രൂപ വിനിയോഗിക്കാൻ പരാമർശം 1 പ്രകാരം യഥേഷ്ടാനുമതി നൽകി ഉത്തരവായിരുന്നു.

കാസർഗോഡ് ജില്ലാ കേരളോത്സവം ജി.എച്ച്.എസ്.എസ് ഉപ്പളയിലും പരിസര പ്രദേശങ്ങളിലെ വിവിധ വേദികളിലും വെച്ച് വിപുലമായി നടത്തപ്പെടുകയുണ്ടായിയെന്നും, ജില്ലാ കേരളോത്സവത്തിന്റെ കലാമത്സരങ്ങൾ ഗെയിംസ് മത്സരങ്ങൾ, അത്ലറ്റിക്സ് മത്സരങ്ങൾ, വിധി കർത്താക്കൾ, ഭക്ഷണം, ലൈറ്റ് & സൗണ്ട് നോട്ടീസ്, ടീം ജഴ്സി, വിജയികൾക്കുള്ള അനുമോദനം മുതലായവയ്ക്കായി 6,45,712/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും, ജില്ലാ കേരളോത്സവത്തിനായി ചെലവഴിക്കാവുന്ന പരമാവധി തുകയും (ജില്ലാ പഞ്ചായത്ത് വിഹിതം - 2,20,000/- രൂപ + യുവജനക്ഷേമ ബോർഡ് വിഹിതം - 2,50,000/-) അപ്പീൽ ഫീ ഇനത്തിൽ ലഭിച്ച 13,000/- രൂപയും ഉൾപ്പെടെ 4,83,014/- രൂപ ജില്ലാ കേരളോത്സവ ചെലവിനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും, അധികമായി ചെലവഴിച്ച 1,62,698/- രൂപ ജില്ലാ കേരളോത്സവം ഏറ്റെടുത്ത് നടത്തിയ കേരളോത്സവ സംഘാടക സമിതി വർക്കിംഗ് ചെയർമാന് അനുവദിക്കേണ്ടതുള്ളതിനാൽ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ടി തുക ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും പരാമർശം 2 പ്രകാരം കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017 കാസർഗോഡ് ജില്ലാ കേരളോത്സവത്തിന്റെ നടത്തിപ്പിന് അധികമായി ചെലവഴിക്കേണ്ടി വന്ന 1,62,698/- (ഒരു ലക്ഷത്തി അറുപത്തിരണ്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയെട്ട്) രൂപ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ് ജില്ല.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ